ആശ്രിതർക്ക് പെൻഷൻ നൽകാൻ നടപടി

30 [1592] ശ്രീ. ജോർജ്ജ് മസ്ക്രീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവീസിലിരിക്കെ മരണമടഞ്ഞ ഭവനനിർമ്മാണ ബോർഡ് ജീവനക്കാരുടെ ആശ്രിതർക്ക് പെൻഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 27-5-1989-ലെ ജി. ഒ. (എം. എസ്.) 30/89/രജി. നമ്പർ ഉത്തരവ് അനുസരിച്ച് പ്രസ്തുത തീയതിക്ക് ശേഷം സർവീസിലിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് പെൻഷൻ നൽകുന്നുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഏറനാട് താലൂക്ക് വില്ലേജ് അസിസ്റ്റന്റ് മുഹമ്മദിനെതിരെ ഉള്ള വിജിലൻസ് കേസിൻമേൽ നടപടി

31 [1593] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് താലൂക്ക് വില്ലേജ് അസിസ്റ്റന്റ് യു. മുഹമ്മദിനെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തതായി ഏറനാട് തഹസീൽദാർക്ക് വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ദേവികുളം തഹസീൽദാർ അപമര്യാദയായി പെരുമാറിയതിന് എതിരെ നടപടി

32 [1595] ശ്രീ. സി. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം പിണവർകുടി ഹരിജൻ കോളനിയിൽ താമസിക്കുന്ന കോതാരി പത്മനാഭനോട് ദേവികുളം തഹസീൽദാർ അപമര്യാദയായി പെരുമാറിയിട്ടുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly